## വനിത ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ

(ഹാജർ: ബിന്ദു ഗോപിനാഥ് )

വിഷയം:- വനിത ശിശു വികസന വകുപ്പ് അന്താരാഷ്ട്ര വനിത ദിനം-2026 - ജില്ലാതലത്തിൽ വനിത ദിനാചരണ പരിപാടികൾ സംഘടിപ്പിക്കുന്നതിന് തുക - അനുവദിച്ച് ഉത്തരവാകുന്നു;

പരാമർശം: GO (RT).408/2025/WCDD തിയ്യതി. 23.09.2025 ;

**ഉത്തരവ് നം: DWCD/1970/2025-WEC1 തീയതി: 28-02-2026**

വനിത ശിശു വികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ എല്ലാ വർഷവും അന്താരാഷ്ട്ര വനിതാദിനം ആഘോഷിച്ച് വരുന്നു. 2026 വർഷവും പ്രസ്തുത ദിനാചരണം വിപുലമായ രീതിയിൽ നടത്തേണ്ടതുണ്ട് . 2026 മാർച്ച് 8 ന് പരിപാടികൾ സംഘടിപ്പിക്കേണ്ടതുണ്ട്. "Rights. Justice .Action For All Women and Girls", **(അവകാശങ്ങൾ, നീതി പ്രവർത്തനം - എല്ലാ സ്ത്രീകൾക്കും പെൺകുട്ടികൾക്കും വേണ്ടി)** എന്നതാണ് വർഷത്തെ തീം. പ്രസ്തുത തീം ആസ്പദമാക്കി ജില്ലാതലത്തിലും സംസ്ഥാന തലത്തിലും വിവിധ പരിപാടികൾ സംഘടിപ്പിക്കുന്നതിനു തീരുമാനിച്ചിട്ടുണ്ട്. വിവിധ ദിനാചരണ പരിപാടികൾ സംഘടിപ്പിക്കുന്നതിനായി പരാമർശം പ്രകാരം സർക്കാർ ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട് .

ടി സാഹചര്യത്തിൽ അന്താരാഷ്ട്ര വനിത ദിനമായ 2026 മാർച്ച് 8 ന് ജില്ലകളിലെ പരിപാടികൾ, ജില്ല വനിത ശിശു വികസന ഓഫീസർമാർ പ്രോഗ്രാം ഓഫീസർമാർ, വനിത സംരക്ഷണ ഓഫീസർമാർ, ശിശു വികസന പദ്ധതി ഓഫീസർമാർ , സൂപ്പർവൈസർമാർ എന്നിവരുടെ സഹകരണത്തോടെ ആസൂത്രണം ചെയ്തു നടപ്പാക്കേണ്ടതുണ്ട്. ജില്ലകളിൽ സംഘടിപ്പിക്കേണ്ട വിവിധ പരിപാടികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു. നിയമ സഭാ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് മാതൃകാ പെരുമാറ്റച്ചട്ടം നിലവിൽ വരുന്ന സാഹചര്യത്തിൽ ആയതിന് അനുസൃതമായി വേണം പരിപാടികൾ സംഘടിപ്പിക്കേണ്ടത് .

2026 ലെ വനിത ദിനാചരണ പരിപാടികൾ സംഘടിപ്പിക്കുന്നതിന് ഓരോ ജില്ലയ്ക്കും 50,000/- രൂപ വീതം 14 ജില്ലകൾക്കായി ആകെ 7,00,000/-രൂപ **( ഏഴ് ലക്ഷം രൂപ മാത്രം)** ചുവടെ പറയുന്ന പട്ടിക പ്രകാരം ജില്ല വനിത ശിശു വികസന ഓഫീസർമാർക്ക് അനുവദിച്ച് ഉത്തരവാകുന്നു.

| ക്രമ നം | ജില്ല | അനുവദിക്കുന്ന തുക |
|---|---|---|
| 1 | തിരുവനന്തപുരം | 50,000/- |
| 2 | കൊല്ലം | 50,000/- |
| 3 | ആലപ്പുഴ | 50,000/- |
| 4 | പത്തനംതിട്ട | 50,000/- |
| 5 | കോട്ടയം | 50,000/- |

| | | |
|---|---|---|
| 6 | ഇടുക്കി | 50,000/- |
| 7 | എറണാകുളം | 50,000/- |
| 8 | തൃശ്ശൂർ | 50,000/- |
| 9 | പാലക്കാട് | 50,000/- |
| 10 | മലപ്പുറം | 50,000/- |
| 11 | കോഴിക്കോട് | 50,000/- |
| 12 | വയനാട് | 50,000/- |
| 13 | കണ്ണൂർ | 50,000/- |
| 14 | കാസർഗോഡ് | 50,000/- |
| | | 7,00,000/- - (ഏഴ് ലക്ഷം രൂപ മാത്രം) |

ഇതിലേക്കാവശ്യമായ 7,00,000/- - (ഏഴ് ലക്ഷം രൂപ ) നടപ്പ് സാമ്പത്തിക വർഷത്തെ 2235-02-103-68-02-34-03 PLAN എന്ന ശീർഷകത്തിൽ നിന്നും ജില്ല വനിത ശിശു വികസന ഓഫീസർമാർക്ക് അലോട്ട്മെൻറായി നൽകേണ്ടതാണ്. പ്രസ്തുത പരിപാടികൾ സംഘടിപ്പിച്ചതിന് ശേഷം ഡോക്യുമെന്റേഷൻ റിപ്പോർട്ടും ചെലവ് വിവര പട്ടികയും ധനവിനിയോഗ സാക്ഷ്യപത്രവും ജില്ല വനിത ശിശു വികസന ഓഫീസർമാർ ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

(ഒപ്പ്)

**വനിത ശിശു വികസന ഡയറക്ടർ(i/c)**

എല്ലാ ജില്ല വനിത ശിശു വികസന
ഓഫീസർമാർക്കും

എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും

എല്ലാ വനിത സംരക്ഷണ ഓഫീസർമാർക്കും

എല്ലാ ശിശുവികസന പദ്ധതി ഓഫീസർമാർക്കും

പകർപ്പ് :

1. സൂപ്രണ്ട്, അക്കൌണ്ട്സ് സെക്ഷൻ (അലോട്ട്മെന്റ് നൽകുന്നതിനായി)
2. വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി
3. സ്റ്റോക്ക് ഫയൽ/സ്പെയർ

ഉത്തരവിൻ പ്രകാരം

Ajith ...

സൂപ്രണ്ട്

**അനുബന്ധം**

**മാർച്ച് 8 ന് ജില്ലകളിൽ നടത്തേണ്ട പരിപാടികൾ** :

"Rights. Justice .Action For All Women and Girls", " **(അവകാശങ്ങൾ , നീതി പ്രവർത്തനം - എല്ലാ സ്ത്രീകൾക്കും പെൺകുട്ടികൾക്കും വേണ്ടി** എന്നതാണ് വർഷത്തെ തീം. പ്രസ്തുത വിഷയത്തെ ആസ്പദമാക്കി ചുവടെ പറയുന്ന പ്രകാരം ജില്ലകളിൽ അന്താരാഷ്ട്ര വനിത ദിനാചരണ പരിപാടികൾ സംഘടിപ്പിക്കേണ്ടതാണ്:

1. **അവകാശ ബോധവൽക്കരണ പരിപാടികൾ**

- സ്ത്രീകളുടെ നിയമാവകാശങ്ങൾ (സ്ത്രീധന നിരോധനനിയമം, ഗാർഹിക പീഡന നിരോധനന നിയമം, POSH Act , ശൈശവ വിവാഹ നിരോധന നിയമം , സൈബർ നിയമങ്ങൾ, പോലീസിൽ പരാതി നൽകുന്ന രീതി, സ്ത്രീകൾക്ക് പോലീസ് വകുപ്പിൽ നിന്നും ലഭ്യമാവുന്ന സേവനങ്ങൾ എന്നിവ സംബന്ധിച്ച സെമിനാറുകൾ , ഹെൽപ് ലൈൻ നമ്പറുകൾ പരിചയപെടുത്തൽ തുടങ്ങിയവ

2. **സ്വയം രക്ഷ പരിശീലനം (demonstration )**

- പെൺകുട്ടികൾക്കും സ്ത്രീകൾക്കുമുള്ള സ്വയംരക്ഷ പരിശീലന പരിപാടികൾ (including demonstration) സംഘടിപ്പിക്കുക
- സൈബർ സുരക്ഷ ബോധവൽക്കരണം

3. **വിദ്യാലയ - കോളേജ് പ്രവർത്തനങ്ങൾ**

- പ്രസംഗ മത്സരം, പോസ്റ്റർ മത്സരം, ഹ്രസ്വ ചിത്ര മൽസരം
- ജെൻഡർ ഇക്വാളിറ്റി വിഷയത്തിൽ ചർച്ചകൾ
- യുവ ജന പ്രതിജ്ഞ പരിപാടികൾ

4. **സാമൂഹിക ഇടപെടലുകൾ**

- വനിത സുരക്ഷ റാലി
- ജാഗ്രത പ്രചാരണ പരിപാടികൾ (Street Play, Flash Mob,സ്കിറ്റ് തുടങ്ങിയവ)
- സ്ത്രീ സൗഹൃദ കൂട്ടായ്മകളുടെ സംഗമം
- ജാഗ്രത സമിതി ശാക്തീകരണം പ്രവർത്തനങ്ങൾ

5. **ആദരവും , അംഗീകാരവും**

- സമൂഹത്തിൽ ശ്രദ്ധേയമായ സേവനം ചെയ്ത സ്ത്രീകളെ ആദരിക്കൽ

മേൽ പറഞ്ഞവ കൂടാതെ സാംസ്കാരിക പരിപാടികൾ , ജില്ലാതലത്തിൽ അനുയോജ്യമായ മറ്റു പരിപാടികൾ എന്നിവ നടത്താവുന്നതാണ്

വനിത ശിശു വികസന ഡയറക്ടർ(i/c)